കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - മുളക്കുഴ ഗ്രാമപഞ്ചായത്ത് - 1992-93 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 16 (2) ബി- സർക്കാർ സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.1296/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 16.05.2013

---

പരാമർശം:

1. മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 15.10.2011-ലെ യോഗത്തിലെ 41-ാം നമ്പർ തീരുമാനം.
2. ആലപ്പുഴ ജില്ല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 23.01.2012-ലെ V(11)-ാംനമ്പർ തീരുമാനം.
3. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05.03.2012-ലെ ഇ 6.3957/12 നമ്പർ കത്ത്.
4. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17.04.2013-ലെ എൽ.എഫ്. 6349/പി.റ്റി.1/2013 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 1992-93 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 16 (2) ബി - കൊഴുവല്ലൂരിൽ കിണർ കുഴിച്ച മണ്ണ്/കല്ല് നീക്കം ചെയ്തതിന് പ്രത്യേകമായി കൊടുത്തകൂലിയായ 2090.53 രൂപ ഓഡിറ്റിൽ നിരാകരിച്ചത് സർക്കാർ സാധൂകരണം നൽകണമെന്ന മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1-ലെ യോഗതീരുമാനത്തിന്റെയും ആലപ്പുഴ ജില്ലാ മോണിറ്ററിംഗ് സമിതിയുടെ പരാമർശം 2-ലെ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ പരാമർശം 3-ലെ കത്തു പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

കുഴിച്ച മണ്ണ്/കല്ല് നീക്കം ചെയ്തതിന് പ്രത്യേക കൂലി നൽകിയ നടപടി ഓഡിറ്റിന്റെ കാഴ്ചപ്പാടിൽ അംഗീകരിക്കാനാവാത്തതാണെങ്കിലും ടി വിഷയത്തിൽ നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാലും വിഷയത്തിന്റെ കാലപ്പഴക്കം പരിഗണിച്ചും സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 4-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ പാരമർശം 1-ലെ യോഗതീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ പരാമർശം 2-ലെ തീരുമാനം എന്നിവ പരിഗണിച്ചും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 1992-93 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ 16 (2) ബി ഖണ്ഡികയിലെ കൊഴുവല്ലൂരിൽ കിണർ കുഴിച്ച മണ്ണ്/കല്ല് നീക്കം ചെയ്തതിന് പ്രത്യേക കൂലിയായി 2090.53 രൂപ (രണ്ടായിരത്തി തൊണ്ണൂറ് രൂപ 53 പൈസ മാത്രം) കൊടുത്ത നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, മുളക്കുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , വികാസ് ഭവൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴ.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.